## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 3153 07.02.2018 -ൽ മറുപടിക്ക്

## കൊയിലാണ്ടി സബ്ട്രഷറിക്ക് പുതിയ ഓഫീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. ദാസൻ : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കൊയിലാണ്ടി സബ്ട്രഷറിക്ക് പുതിയ ഓഫീസ് നിർമ്മിക്കുന്നതിന്, മിനി സിവിൽ സ്റ്റേഷന് സമീപം ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം വിട്ടുകിട്ടുന്നതിന് ജില്ലാ ട്രഷറി ഓഫീസർ സമർപ്പിച്ച പ്രൊപ്പോസലിൽ കളക്ടറേറ്റിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | ജില്ലാ ട്രഷറി ആഫീസർ കൊയിലാണ്ടി താലൂക്കിൽ ഇറിഗേഷൻ വകുപ്പിന്റെ കൈവശത്തിലുള്ള സ്ഥലം വിട്ടു കിട്ടുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. എന്നാൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പേരാമ്പ്ര 15.11.2013-ന് ഇ 5/175/11-ാം നമ്പർ കത്തുപ്രകാരം കൊയിലാണ്ടി താലൂക്കിലെ റീസർവ്വെ നമ്പർ 39/1 ബി-യിൽപ്പെട്ട 15.5 സെന്റ് ഇറിഗേഷൻ വകുപ്പ് കൈവശ സ്ഥലം കൊയിലാണ്ടി സബ് ട്രഷറി നിർമ്മിക്കുന്നതിന് റവന്യൂ ഭൂമിയാക്കുന്നതിന് നടപടി സ്വീകരിക്കാൻ അപേക്ഷിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഇറിഗേഷൻ വകുപ്പ് വക സ്ഥലം റവന്യൂ ഭൂമിയാക്കുന്നതിന് കൊയിലാണ്ടി തഹസീൽദാർക്ക് കോഴിക്കോട് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ജില്ലാ ട്രഷറി ഓഫീസർ കളക്ടർക്ക് അയച്ചിട്ടുള്ള പ്രൊപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | പ്രസ്തുത പ്രൊപ്പോസൽ അയച്ചതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ